പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3399 | 14.03.2018 ൽ മറുപടിയ്ക്ക് |
|---|---|

**മിത്ര 181**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽകുമാർ** | **ശ്രീമതി കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; അതിലൂടെ സ്ത്രീ ശാക്തീകരണത്തിൽ എത്ര മാത്രം മുന്നോട്ട് പോകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി അഭയകിരണം, ശ്രദ്ധ, കൈത്താങ്ങ് എന്നീ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതികളുടെ അവലോകനം നടത്തിയിട്ടില്ല. എന്നാൽ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംസ്ഥാനത്ത് നടപ്പാക്കിയത് സംബന്ധിച്ച് സ്ത്രീകൾക്ക് ഈ നിയമം എത്രമാത്രം ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞു എന്നറിയുന്നതിനായി Domestic Violence Survey Women Protection Officer മാർ വഴി നടത്തി കൊണ്ടിരിക്കുന്നു. സ്ത്രീ സുരക്ഷയ്ക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി 27.03.2017 മുതൽ മിത്ര 181 എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) വനിതകളെ സ്വയം പ്രാപ്തരാക്കുന്നതിന് കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളുടെയും, സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ സംരംഭകത്വ വായ്പാവിതരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര വനിതകളെ സ്വയം പ്രാപ്തരാക്കുവാൻ കഴിഞ്ഞു; | (ബി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 1749 പേർക്കായി 36.36 കോടി രൂപയും, 2017-18 വർഷത്തിൽ 4435 പേർക്കായി നാളിതുവരെ 106.07 കോടി രൂപയും സ്വയം തൊഴിൽ വായ്പാ വിതരണം നടത്തിയിട്ടുണ്ട്. |
| (സി) ഗാർഹിക പീഢനത്തിന് ഇരയാകുന്നവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഗാർഹിക പീഡനത്തിനിരയാകുന്നവർ, വിധവകൾ, വിവാഹ മോചിതർ എന്നീ നിരാലംബ ഗണത്തിൽപ്പെടുന്നവർക്കുള്ള സ്വയം തൊഴിൽ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയ്ക്ക് 15,76,000/- രൂപ അനുവദിച്ചിരുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മെഡിക്കൽ സർട്ടിഫിക്കറ്റ്, FIR കോപ്പി എന്നിവ അപേക്ഷയോടൊപ്പം വനിതാ പ്രൊട്ടക്ഷൻ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക എല്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസിലും വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. വിധവകളെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നതിനായി സംരംഭകത്വ പരിശീലന പരിപാടികൾ വനിതാ വികസന കോർപ്പറേഷൻ മുഖേന നടത്തി വരുന്നു. ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം |

| | |
|---|---|
| | ചെയ്യുന്നതുൾപ്പെടെ അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. മൂന്ന് ദിവസത്തെ പരിശീലന പരിപാടി 1000 രൂപ സ്റ്റൈപ്പന്റ് നൽകിയാണ് നടത്തി വരുന്നത്. നാളിതുവരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലായി 250 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) സ്ത്രീ സുരക്ഷയ്ക്കും, ശാക്തീകരണത്തിനുമായി ആരംഭിച്ച മിത്ര 181 ന്റെ പ്രവർത്തനം വിശദമാക്കുമോ? | (ഡി) കേന്ദ്ര വനിതാ ശിശു ക്ഷേമ മന്ത്രാലയത്തിന്റെ ഏകീകൃത വനിതാ ഹെൽപ്പ് ലൈൻ എന്ന പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന വനിതാ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 27.03.2017 ന് മിത്ര 181 പദ്ധതി ഉത്ഘാടനം ചെയ്തു. 24 മണിക്കൂറും 181 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ട് കൊണ്ട് കേരളത്തിലെ സ്ത്രീകൾക്ക് സഹായം ആവശ്യപ്പെടാം. ആശുപത്രി സേവനം, പോലീസ്, ഫയർ സർവ്വീസ്, ആംബുലൻസ് എന്നിവ അവശ്യമായി വരുന്ന അടിയന്തിര സാഹചര്യങ്ങളിലും, കൂടാതെ വിവിധ ഏജൻസികളും സ്ഥാപനങ്ങളും വനിതകൾക്കായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങളും എമർജൻസി ടെലി കൗൺസിലിങ്ങും മിത്ര 181 വഴി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ